**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2804** **13-10-2021 - ൽ മറുപടിയ്ക്ക്**

**കാവ് സംരക്ഷണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന് കീഴിൽ കാവുകളുടെ സംരക്ഷണത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും, ആയതിനുള്ള ധനസഹായങ്ങളും വിശദീകരിക്കാമോ; | (എ) | സ.ഉ (സാധാ)നം. 485/16/വനം, തീയതി 24/12/2016 പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയുനസരിച്ച് ജില്ലാ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുന:രുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽ നിന്നും സംസ്ഥാനതല വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണരേഖ പ്രകാരം വനം വകുപ്പുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള അടങ്കലിന്റെ 10% തുക ആദ്യഗഡു ആയി നൽകുകയും ടി തുകയുടെ വിനിയോഗം ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി ഉദ്യോഗസ്ഥർ വിലയിരുത്തുകയും ബാക്കി തുക തുടർന്ന് നൽകുകയും ചെയ്തു വരുന്നു. |
| (ബി) | കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ധനസഹായം | (ബി) | കൂത്ത്പറമ്പ് മണ്ഡലത്തിൽ കഴിഞ്ഞ 3 വർഷത്തിൽ കാവുകൾക്ക് ധനസഹായം നൽകിയിട്ടില്ല. 2021 -ൽ |

| | | | |
|---|---|---|---|
| | അനുവദിച്ച കാവുകളുടെ പേരും തുകയും വെളിപ്പെടുത്താമോ; പ്രസ്തുത മണ്ഡലത്തിൽ 2021 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | കാവുകളുടെ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ